പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.116 — 01.07.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിലുള്ള കേരളത്തിന്റെ ഭൂമി

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ :
ശ്രീ.സി.മമ്മൂട്ടി :
ശ്രീ.എൻ.എ.നെല്ലിക്കുന്ന് :
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | അന്യസംസ്ഥാനങ്ങളിലുള്ള സംസ്ഥാനത്തിന് അവകാശപ്പെട്ട ഭൂമി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാരവളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള — തമിഴ് നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി കൊട്ടാരം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും 1974 ലെ റീസർവ്വേ പ്രകാരം ടിയാൾ പട്ടയം സമ്പാദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശമായത് എന്നാണ് എന്നതിനെ സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതി ചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട് കേരള |

| | | | |
|---|---|---|---|
| | | | സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. 1964 ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽ നിന്നും 2 ഏക്കർ സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടു നൽകിയിട്ടുണ്ട്. ചെന്നൈ നുങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടു നൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ് നാട് പോലീസ് ക്വാർട്ടേഴ്സിനുമായി കൈയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. |
| (ബി) | സംസ്ഥാനത്തിന് അവകാശപ്പെട്ട അത്തരം ഭൂമി ഏതൊക്കെ വകുപ്പുകളുടെ കീഴിലാണുള്ളതെന്നത് സംബന്ധിച്ച പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാന രൂപീകരണവേളയിൽ അന്യസംസ്ഥാനങ്ങളിലും ഡൽഹിയിലുമുണ്ടായിരുന്ന സംസ്ഥാനത്തിന്റെ ഭൂമിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്നതു സംബന്ധിച്ച വിവരം ലഭ്യമാണോ ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉത്തരം 'എ' യിൽ പറഞ്ഞ പ്രകാരം.<br><br>സെക്ഷൻ ഓഫീസർ |

<u>അനുബന്ധം</u>

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമാവകാശം (വകുപ്പ്) |
|---|---|---|---|---|
| 1 | കേരള ഹൌസ്, ന്യൂഡൽഹി | 2.496 ഏക്കർ | 6867.33 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൌസ്, ന്യൂഡൽഹി | 8.075 ഏക്കർ | 4424.00 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | 741.01 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 4 | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 0.40 ഏക്കർ | 2020.00 മീ.സ്ക്വയർ | ഇന്ത്യൻ ട്രെയിഡ് പ്രൊമോഷൻ ഓർഗനൈസേഷൻ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 6 | കേരള ഹൌസ്, കന്യാകുമാരി | 4.063 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം കുറ്റാലം, തമിഴ് നാട് | 55.60 ഏക്കർ | ലഭ്യമല്ല | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | 6.30 ഏക്കർ സ്ഥലത്താണ് എന്ന് പുരാവസ്തു ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | ലഭ്യമല്ല | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 14.38 ഏക്കർ | 85.56 മീ.സ്ക്വയർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 8.62 ഏക്കർ | ലഭ്യമല്ല | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 5.93 ഏക്കർ | 97.75 മീ.സ്ക്വയർ | വനം വകുപ്പ് |
| 12 | സത്രം, വാരണാസി ഉത്തർപ്രദേശ് | 0.175 ഏക്കർ | ലഭ്യമല്ല | കൊച്ചിൻ ദേവസ്വം ബോർഡ് |